# എറണാകുളം റൂറൽ ജില്ലാ പോലീസിൻെറ ഏറ്റവും പുതിയ പദ്ധതിയായ " പ്രോജക്ട് ഹോപ് " ഉദ്ഘാടനം ചെയ്തു

എസ്.എസ്.എൽ.സി പരീക്ഷയിൽ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസംവും, പ്രചോദനവും നൽകി അവരെ സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യത്തോടെ എറണാകുളം റൂറൽ ജില്ലാ പോലീസ് ആരംഭിച്ച പുതിയ പദ്ധതിയായ " പ്രോജക്ട് ഹോപ് " ഇന്ന് (19.07.2017) ഉദ്ഘാടനം ചെയ്തു.

ആലുവയിലുള്ള ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിലെ കോൺഫ്രറൻസ് ഹാളിൽ വച്ച് നടന്ന ചടങ്ങിൽ ബഹു. കൊച്ചി റേഞ്ച് ഐ.ജി.പി ശ്രീ.പി.വിജയൻ ഐ.പി.എസ് അവർകൾ പദ്ധതി ഉദ്ഘാടനം ചെയ്തു. ഏകദേശം 500 ഓളം പേർ പങ്കെടുത്ത ചടങ്ങിൽ എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ.എ.വി.ജോർജ്ജ് ഐ.പി.എസ് അദ്ധ്യക്ഷത വഹിച്ചു.

തോൽവിയിൽ നിരാശരാകാതെ അവയിൽ നിന്ന് പാഠം ഉൾക്കൊണ്ട് വേണ്ട തിരുത്തലുകൾ വരുത്തി ചിട്ടയായ പരിശീലനത്തിലൂടെ വിജയം കൈവരിക്കാൻ ശ്രമിക്കണമെന്ന് റേഞ്ച് ഐ.ജി ഉദ്ഘാടന പ്രസംഗത്തിൽ വിദ്യാർത്ഥികളോട് നിർദ്ദേശിച്ചു. വിജയിച്ചവരെപ്പോലെ പരാജയപ്പെട്ടവരും ഈ സമൂഹത്തിൻെറ ഭാഗമാണെന്ന വസ്തുത നമ്മൾ മനസ്സിലാക്കണമെന്നും, ഈ പദ്ധതിയിൽ പങ്കെടുത്ത് പരിശീലനം നേടുന്ന വിദ്യാർത്ഥികളുടെ പഠനനിലവാരം ഇടയ്ക്കിടെ പരിശോധിക്കുന്നതോടൊപ്പം, ശാന്തമായ കുടുബാന്തരീക്ഷം ഒരുക്കി അവരുടെ മാനസികാരോഗ്യം നിലനിർത്തുന്നതിന് രക്ഷിതാക്കളും, പഠന കാര്യത്തിലുള്ള പിന്നോക്കാവസ്ഥയുടെ ശരിയായ കാരണം കണ്ടെത്തി വിദ്യാർത്ഥികളെ വിജയത്തിലേക്ക് നയിക്കുന്നതിന് അദ്ധ്യാപകരും പരിശ്രമിക്കണമെന്നും, അദ്ദേഹം അഭിപ്രായപ്പെട്ടു.

ആലുവ അദ്വൈതാശ്രമം സെക്രട്ടറി സ്വാമി ശിവസ്വരൂപാനന്ദ, ചൂണ്ടി സ്നേഹാലയത്തിലെ ഡയറക്ടർ റവഃഫാദർ ജോർജ്ജ് കുഴിക്കാട്ട്, ആലുവ അൻസാർ മസ്ജിദ് ഇമാം ഫൈസൽ അസ്ഹരി, സൈക്കോളജിസ്റ്റ് ഡോ.പ്രകാശ്, കോതമംഗലം മാർ അത്തനേഷ്യസ് കോളേജ് റിട്ടയേർഡ് പ്രിൻസിപ്പൽ ഡോ.റ്റി.എം.പൈലി എന്നിവർ പ്രഭാഷണങ്ങൾ നടത്തി.

ആലുവ ഡിവിഷണൽ എജ്യുക്കേഷണൽ ഓഫീസർ ശ്രീമതി. ടി.വൽസലകുമാരി ആശംസകൾ അർപ്പിച്ച് സംസാരിച്ചു. സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിയുടെ എറണാകുളം റൂറൽ ജില്ലാ നോഡൽ ഓഫീസറും ജില്ലാ ക്രൈം റെക്കോഡ്സ് ബ്യൂറോ ഡി.വൈ.എസ്.പി യുമായ ശ്രീ.ഷീൻ തറയിൽ, ആലുവ ഡി.വൈ.എസ്.പി ശ്രീ.വി.കെ.സനിൽകുമാർ, പെരുമ്പാവൂർ ഡി.വൈ.എസ്.പി ശ്രീ.ജി.വേണു, എന്നിവരും പരിപാടിയിൽ സംബന്ധിച്ചു.


Project Hope


Project Hope